**പതിനാലാം കേരള നിയമസഭ**

**പത്തൊമ്പതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2772      13/3/2020-ൽ മറുപടിക്ക്

## കായികാധ്യാപക തസ്തിക മാനദണ്ഡങ്ങൾ

| | ചോദ്യം | മറുപടി |
|---|---|---|
| | ശ്രീ. എൻ.എ. നെല്ലിക്കുന്ന് | പ്രൊഫ. സി. രവീന്ദ്രനാഥ്<br>പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി |
| (എ) | സ്കൂളുകളിൽ ഫിസിക്കൽ എജ്യുക്കേഷൻ ടീച്ചർ ഹൈസ്കൂൾ, ഫിസിക്കൽ എജ്യുക്കേഷൻ ടീച്ചർ യു.പി.എസ്. എന്നിങ്ങനെ തസ്തികകൾ നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) സ്കൂളുകളിൽ ഹൈസ്കൂൾ. യു.പി.വിഭാഗങ്ങൾക്കായി ഫിസിക്കൽ എജ്യുക്കേഷൻ ടീച്ചർ (ഹൈസ്കൂൾ), ഫിസിക്കൽ എജ്യുക്കേഷൻ ടീച്ചർ (യു.പി.) എന്നിങ്ങനെ വ്യത്യസ്ത തസ്തികകൾ നിലവിലുണ്ട്. |
| (ബി) | ഈ രണ്ട് തസ്തികയിലും ഒരേ ശമ്പള സ്കെയിലാണോ നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) ഒരേ ശമ്പള സ്കെയിലാണ് നിലവിലുള്ളത്. |
| (സി) | അഞ്ച് മുതൽ പത്ത് വരെ പ്രായമുള്ള കുട്ടികളുടെ ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എസ്.സി.ഇ.ആർ.ടി. പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങൾക്ക് എത്ര ചെലവ് വരുമെന്നും പ്രസ്തുത പുസ്തകങ്ങൾ പഠിപ്പിക്കാൻ യു.പി. സ്കൂളുകളിൽ കായിക അധ്യാപകരില്ലെന്നുമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ; | (സി) അഞ്ച് മുതൽ പത്ത് വരെ പ്രായമുള്ള (ഒന്നു മുതൽ നാല് വരെ ക്ലാസ്സുകളിലെ) കുട്ടികളുടെ ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എസ്.സി.ഇ.ആർ.ടി. പുസ്തകം തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നില്ല. എന്നാൽ അഞ്ച് മുതൽ പത്ത് വരെ ക്ലാസ്സുകളിലുള്ള കുട്ടികളുടെ ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എസ്.സി.ഇ.ആർ.ടി 2019-20 ൽ പ്രസിദ്ധീകരിച്ച പുസ്തകങ്ങൾക്ക് 4,41,41,892/- (നാല് കോടി നാല്പത്തിയൊന്നു ലക്ഷത്തി നാല്പത്തൊന്നായിരത്തി എണ്ണൂറ്റി തൊണ്ണൂറ്റി രണ്ട്) രൂപയാണ് ചെലവ് കണക്കാക്കിയിട്ടുള്ളത്. അഞ്ഞൂറിൽ കൂടുതൽ കുട്ടികൾ ഉള്ള യു.പി സ്കൂളിൽ/ യു.പി.വിഭാഗത്തിൽ ഒരു സ്ഥിരം കായികാധ്യാപകനെയും അത്തരത്തിൽ കുട്ടികൾ ലഭ്യമാകാത്ത സ്കൂളുകളിൽ നൂറിൽ കൂടുതൽ കുട്ടികൾ ഉണ്ടെങ്കിൽ സമഗ്ര ശിക്ഷാ അഭിയാൻ മുഖാന്തിരം താൽക്കാലികമായി പാർട്ട് ടൈം കായികാധ്യാപകരെയും നിയമിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | അഞ്ഞൂറ് കുട്ടികൾ ഉണ്ടെങ്കിൽ യു.പി. വിഭാഗത്തിലും എട്ട്, ഒമ്പത് ക്ലാസ്സുകളിൽ മൊത്തം അഞ്ച് ഡിവിഷനുകൾ ഉണ്ടെങ്കിൽ ഹൈസ്കൂളിലും ഒരു കായികാധ്യാപകനെയാണോ ഇപ്പോൾ നിയമിക്കുന്നത്; | (ഡി) | കേരള വിദ്യാഭ്യാസ ചട്ടം അദ്ധ്യായം XXIII-ൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ പ്രകാരം അഞ്ഞൂറ് കുട്ടികൾ ഉള്ള യു.പി. സ്കൂളിൽ/യു.പി. വിഭാഗത്തിൽ ഒരു സ്പെഷ്യലിസ്റ്റ് അദ്ധ്യാപക തസ്തിക അനുവദിക്കാവുന്നതാണ്. ഇതിന് കായികാദ്ധ്യാപകർക്ക് മുൻഗണന നൽകുന്നുണ്ട്. എട്ട്, ഒമ്പത് ക്ലാസ്സുകളിൽ മൊത്തം അഞ്ച് പിരീഡ് ഉണ്ടെങ്കിൽ ഹൈസ്കൂളിൽ ഒരു സ്ഥിരം കായികാധ്യാപകനെ നിയമിക്കാവുന്നതാണ്. അഞ്ച് മുതൽ എട്ട് വരെ ക്ലാസ്സുകളിൽ നൂറിൽ കൂടുതൽ കുട്ടികൾ ഉണ്ടെങ്കിൽ സമഗ്ര ശിക്ഷാ അഭിയാൻ മുഖാന്തിരം താൽക്കാലികമായി പാർട്ടം ടൈം കായികാധ്യാപകരെയും നിയമിക്കുന്നുണ്ട്. |
| (ഇ) | അറുപത് വർഷമായി മാറ്റമില്ലാതെ നിലനിൽക്കുന്ന പ്രസ്തുത കായികാധ്യാപക തസ്തിക മാനദണ്ഡങ്ങൾ പരിഷ്കരിക്കാൻ തയ്യാറാകുമോ എന്ന് വ്യക്തമാക്കാമോ; | (ഇ) | പത്താംതരം വരെയുള്ള കായികാധ്യാപക തസ്തികാമാനദണ്ഡങ്ങൾ നിലനിൽക്കുന്നതും എന്നാൽ നിലവിലുള്ള ഹൈസ്കൂൾ കായികാധ്യാപകർ തന്നെ ഹയർ സെക്കണ്ടറി വിഭാഗത്തിലെയും ക്ലാസ്സുകൾ കൈകാര്യം ചെയ്യേണ്ടി വരുന്ന സാഹചര്യത്തിൽ ഇവരുടെ പ്രതിമാസ അലവൻസ് ഉയർത്തി നൽകുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ട്. |
| (എഫ് ) | പ്രീഡിഗ്രി വേർപെടുത്തിയതിനുശേഷം നാളിതുവരെ ഹയർസെക്കണ്ടറിയിൽ കായികാധ്യാപക തസ്തിക സൃഷ്ടിക്കപ്പെട്ടിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (എഫ്) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഹയർ സെക്കണ്ടറി തലത്തിൽ കായികാധ്യാപക തസ്തിക സൃഷ്ടിക്കുന്ന വിഷയം സർക്കാരിന്റെ സജീവപരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ